ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 04.05.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. രാജ്യത്ത് ലോക്സഭാ തെരഞ്ഞെടുപ്പിൻറെ മൂന്നാം ഘട്ടത്തിലേക്കുള്ള വോട്ടെടുപ്പ് ചൊവ്വാഴ്ച. പരസ്യ പ്രചാരണം നാളെ അവസാനിക്കും, മുതിർന്ന നേതാക്കൾ പ്രചാരണരംഗത്ത്.

   **Polling for the third phase of the Lok Sabha elections will be held on Tuesday. The campaign will end tomorrow, senior leaders lead the campaign.**

2. ലോക്സഭാ തിരഞ്ഞെടുപ്പിന് സാക്ഷ്യം വഹിക്കാൻ 23 രാജ്യങ്ങളിൽ നിന്നുള്ള എഴുപത്തിയഞ്ച് പ്രതിനിധികൾ ഇന്ത്യയിലെത്തി.

   **Seventy-five delegates from 23 countries arrive in India to witness Lok Sabha elections.**

3. മെഡിക്കൽ പ്രവേശനത്തിനുള്ള നീറ്റ് പരീക്ഷ നാളെ; രാജ്യത്തിനകത്തും വിദേശത്തുമുള്ള 571 കേന്ദ്രങ്ങളിലായി പരീക്ഷ എഴുതുന്നത് 24 ലക്ഷത്തിലേറെ വിദ്യാർത്ഥികൾ.

   **NEET exam for medical admission will be held tomorrow; More than 24 lakh students will appear for the exam in 571 centers within the country and abroad.**

4. കേരളത്തിൽ ഡ്രൈവിംഗ് ടെസ്റ്റ് പരിഷ്കരണങ്ങളിൽ ഇളവു വരുത്തി ഗതാഗത വകുപ്പിൻറെ പുതുക്കിയ സർക്കുലർ പുറത്തിറങ്ങി.

   **In Kerala, Transport Department issues revised circular for the driving test in the state**

5. കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി കേരള, തെക്കൻ തമിഴ്നാട് തീരങ്ങളിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു.

The Indian National Centre for Ocean Information Services issues orange alert for high-energy swell waves along the Kerala and Tamil Nadu coasts.

6. ഐ എസ് എൽ ഫുട്ബോൾ കിരീട ജേതാക്കളെ ഇന്നറിയാം. മോഹൻ ബഗാൻ- മുംബൈ സിറ്റി പോരാട്ടം അല്പസമയത്തിനകം.

ISL football the Mohun Bagan faces Mumbai City for the title cup

&&&&&&&&&&&&&&&&&

## HP- PREZ VISIT

അഞ്ച് ദിവസത്തെ പര്യടനത്തിനായി രാഷ്ട്രപതി ദ്രൗപദി മുർമു ഹിമാചൽ പ്രദേശിലെത്തി. ഷിംലയ്ക്കടുത്തുള്ള കല്യാണി ഹെലിപാഡിൽ ഇറങ്ങിയ രാഷ്ട്രപതിയെ ഗവർണർ ശിവ് പ്രതാപ് ശുക്ലയും മുഖ്യമന്ത്രി സുഖ്വീന്ദർ സിംഗ് സുഖുവും ചേർന്ന് സ്വീകരിച്ചു. നാളെ, രാഷ്ട്രപതി കുഫ്രിയിലെ ക്യാച്ച്മെന്റ് ഏരിയ സന്ദർശിക്കും. മറ്റന്നാൾ, ധർമ്മശാല കേന്ദ്ര സർവകലാശാലയിലെ ബിരുദദാന ചടങ്ങിൽ ശ്രീമതി മുർമു മുഖ്യാതിഥിയായി പങ്കെടുക്കും. മെയ് 7 ന് ഷിംലയിലെ ചരിത്രപ്രസിദ്ധമായ ഗെയ്റ്റി തിയേറ്ററിൽ നടക്കുന്ന സാംസ്കാരിക പരിപാടിയിലും രാഷ്ട്രപതി സംബന്ധിക്കും.

&&&&&&&&&&&&&&&&&

## HEADLINE – 1

## POLITICAL CAMPAIGNING

മൂന്നാം ഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിന്റെ പരസ്യപ്രചാരണം നാളെ അവസാനിക്കും. വോട്ടെടുപ്പിന് മൂന്ന് ദിവസങ്ങൾ മാത്രം ശേഷിക്കെ ദേശീയ നേതാക്കളും താരപ്രചാരകരും വിവിധ മണ്ഡലങ്ങളിൽ പ്രചാരണം തുടരുകയാണ്. എൻ.ഡി.എയ്ക്കുവേണ്ടി പ്രധാനമന്ത്രി നരേന്ദ്രമോദി ബീഹാർ, ഝാർഖണ്ഡ്, ഉത്തർപ്രദേശ് എന്നിവിടങ്ങളിൽ പ്രചാരണത്തിലാണ്. കേന്ദ്രമന്ത്രിയും ബി ജെ പിയുടെ മുതിർന്ന നേതാവുമായ അമിത് ഷാ ഇന്ന് ഗുജറാത്തിലെ ഛോട്ടാ ഉദയ്പൂരിൽ തിരഞ്ഞെടുപ്പ്

യോഗത്തിൽ പങ്കെടുത്തു. വൽസദ്, ദാമൻ ദിയു എന്നിവിടങ്ങളിലെ പ്രചാരണ പരിപാടികളിലും ശ്രീ അമിത് ഷാ പങ്കെടുക്കും. കോൺഗ്രസ് നേതാവ് പ്രിയങ്ക ഗാന്ധി, ആം ആദ്മി പാർട്ടി നേതാവ് ഭഗ് വന്ത് മൻ എന്നിവരും ഇന്ന് ഗുജറാത്തിൽ പ്രചാരണത്തിലാണ്. . കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ ഇന്ന് കർണാടകയിലെ കൽബുർഗിയിൽ പൊതു സമ്മേളനത്തിൽ പങ്കെടുത്തു. ഗോവയിലെയും ഗുജറാത്തിലെയും മുഴുവൻ മണ്ഡലങ്ങളും ഉൾപ്പെടെ 93 ലോക്സഭാ സീറ്റുകളിലാണ് ഈമാസം ഏഴിന് മൂന്നാംഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുക. കർണാടകയിലെ അവശേഷിക്കുന്ന 14 സീറ്റുകൾക്കൊപ്പം, മഹാരാഷ്ട്രയിലെ 11, ഉത്തർപ്രദേശിലെ 10, മധ്യപ്രദേശിലെ എട്ട്, ഛത്തീസ്ഗഢിലെ ഏഴ് സീറ്റുകളിലും വോട്ടെടുപ്പ് നടക്കും.

&&&&&&&&&&&&&&&&&

## REV PM-JHARKHAND RALLY

ലോക്സഭാ തിരഞ്ഞെടുപ്പിന്റെ അവശേഷിക്കുന്ന ഘട്ട തെരഞ്ഞെടുപ്പുകൾക്കായി ശക്തമായ പ്രചാരണം പുരോഗമിക്കുന്നു. വോട്ടർമാരെ സ്വാധീനിക്കാൻ പ്രമുഖ രാഷ്ട്രീയ പാർട്ടികൾ ശക്തമായ പ്രചാരണം സംഘടിപ്പിക്കുന്നുണ്ട്. പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ജാർഖണ്ഡിലെ പലാമു, ഗുംല ജില്ലകളിൽ തിരഞ്ഞെടുപ്പ് റാലികളിൽ പങ്കെടുത്തു. കഴിഞ്ഞ 10 വർഷത്തെ എൻഡിഎ ഭരണത്തിൽ 25 കോടി ജനങ്ങൾ ദാരിദ്ര്യത്തിൽ നിന്ന് കരകയറിയതായി അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&

## PM RALLY BIHAR

ബിഹാറിലെ തെരഞ്ഞെടുപ്പ് പ്രചാരണത്തിലും പ്രധാനമന്ത്രി ഇന്ന് പങ്കെടുത്തു. ബിഹാറിലെ ദർഭംഗ രാജ് ഗ്രൗണ്ടിൽ നടന്ന പൊതുയോഗത്തെ അഭിസംബോധന ചെയ്യവെ കോൺഗ്രസിൻ്റെയും ആർജെഡിയുടെയും നേതൃത്വത്തിലുള്ള സർക്കാരുകൾ ബിഹാറിൻ്റെ ഭാവി നശിപ്പിച്ചതായി പ്രധാനമന്ത്രി ആരോപിച്ചു. കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിയും ആർജെഡി നേതാവ് തേജസ്വി പ്രസാദ് യാദവും

അവതരിപ്പിച്ച റിപ്പോർട്ട് കാർഡ് അവരുടെ മുൻ സർക്കാരുകളുടെ അഴിമതിയും നിയമലംഘനവും ഓർമിപ്പിക്കുന്നതാണെന്ന് അദ്ദേഹം പറഞ്ഞു. ആർജെഡി ഭരണകാലത്ത് പൊതുപണം കൊള്ളയടിക്കപ്പെട്ടുവെന്നും അദ്ദേഹം പറഞ്ഞു. തൊഴിൽ കുംഭകോണത്തിലെ ആർജെഡി അധ്യക്ഷൻ ലാലു പ്രസാദിന്റെ പങ്ക് സംബന്ധിച്ചും പ്രധാനമന്ത്രി ആരോപിച്ചു.

&&&&&&&&&&&&&&&&&

**AMIT SHAH GUJARAT RALLIES + GUJARAT-CAMPAIGN**

ഗുജറാത്തിൽ ലോക്സഭാ തെരഞ്ഞെടുപ്പ് പ്രചരണം ഊർജിതമായി പുരോഗമിക്കുന്നു. മുതിർന്ന ബിജെപി നേതാവും കേന്ദ്രമന്ത്രിയുമായ അമിത് ഷാ ഛോട്ടാ ഉദേപൂരിലെയും വൻസ്ദയിലെയും തിരഞ്ഞെടുപ്പ് റാലികളെ അഭിസംബോധന ചെയ്തു. സംവരണം എസ്‌സി- എസ്ടി, ഒബിസി വിഭാഗങ്ങളുടെ ഭരണഘടനാപരമായ അവകാശമാണെന്നും ബിജെപി അധികാരത്തിലിരിക്കുന്നിടത്തോളം കാലം അത് നിലനിൽക്കുമെന്നും അദ്ദേഹം പറഞ്ഞു. ദരിദ്രരുടെയും പാർശ്വവൽക്കരിക്കപ്പെട്ട സമൂഹങ്ങളുടെയും ക്ഷേമത്തിനും സാമ്പത്തിക വികസനത്തിനും ബിജെപി സർക്കാർ എപ്പോഴും പ്രതിജ്ഞാബദ്ധമാണെന്ന് ശ്രീ ഷാ വ്യക്തമാക്കി.

അതേസമയം കോൺഗ്രസ് അധികാരത്തിലെത്തിയാൽ കർഷകർക്ക് മിനിമം താങ്ങുവില ഉറപ്പാക്കാൻ ഒരു സ്ഥിരം കമ്മീഷനെ നിയമിക്കുമെന്ന് ബനസ്കന്തയിൽ ഇന്ന് നടന്ന തിരഞ്ഞെടുപ്പ് റാലിയെ അഭിസംബോധന ചെയ്യവെ കോൺഗ്രസ് നേതാവ് പ്രിയങ്ക ഗാന്ധി പറഞ്ഞു. രാജ്യത്തെ കർഷകരുടെയും തൊഴിലാളികളുടെയും ക്ഷേമത്തിന് പാർട്ടി പ്രതിജ്ഞാബദ്ധമാണെന്നും പ്രിയങ്ക ഗാന്ധി ആവർത്തിച്ചു.

എഎപി നേതാവും പഞ്ചാബ് മുഖ്യമന്ത്രിയുമായ ഭഗവാൻ മാനും സംസ്ഥാനത്ത് പ്രചാരണങ്ങളിൽ പങ്കെടുത്തു.

&&&&&&&&&&&&&&&&&

## UP MAINPURI-CAMPAIGNING (INTRO)

മൂന്നാം ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്ന ഉത്തർപ്രദേശിലെ പത്ത് ലോക്സഭാ മണ്ഡലങ്ങളിലേക്കുള്ള പ്രചാരണം ഊർജിതമാണ്. സംഭാൽ, ഹത്രാസ്, ആഗ്ര, ഫത്തേപൂർ സിക്രി, ഫിറോസാബാദ്, മെയിൻപുരി, ഇറ്റാഹ്, ബദൗൺ, ഓൺല, ബറേലി എന്നീ മണ്ഡലങ്ങളിലാണ് ചൊവ്വാഴ്ച വോട്ടെടുപ്പ് നടക്കുന്നത്.

**വിശദാംശങ്ങളിലേക്ക് ....... (വോയ്സ്)**

## UP MAINPURI-CAMPAIGNING (VOICE)

സമാജ് വാദി പാർട്ടിയുടെ പരമ്പരാഗത കോട്ടയായ മെയിൻപുരി മണ്ഡലത്തിലെ തെരഞ്ഞെടുപ്പാണ് ഏവരും ഉറ്റു നോക്കുന്നത്. ഇവിടെ സമാജ് വാദി പാർട്ടി ഡിംപിൾ യാദവിനെ മത്സരിപ്പിക്കുകമ്പോൾ യുപി മന്ത്രി ജയ് വീർ സിംഗാണ് ബിജെപിയുടെ സ്ഥാനാർത്ഥി. മുൻ എംഎൽഎ ശിവപ്രസാദ് യാദവിന് ബിഎസ്പി ടിക്കറ്റ് നൽകി. അയോധ്യയിലെ രാമക്ഷേത്ര നിർമ്മാണം ഉൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾ ഉയർത്തിക്കാട്ടി ബിജെപി പ്രചാരണം കൊഴുപ്പിക്കുമ്പോൾ തൊഴിലില്ലായ്മ, പണപ്പെരുപ്പം, സംവരണം, ജാതി സെൻസസ് തുടങ്ങിയ വിഷയങ്ങളാണ് സമാജ് വാദി പാർട്ടി ഉയർത്തുന്നത്. സമാജ് വാദി പാർട്ടി അധ്യക്ഷൻ അഖിലേഷ് യാദവ് ഇന്ന് വൈകിട്ട് മെയിൻപുരിയിൽ റോഡ്ഷോ നടത്തി. പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ മെയിൻപുരിയോട് ചേർന്നുള്ള ഇറ്റാവയിൽ പൊതുയോഗത്തെ അഭിസംബോധന ചെയ്യും. ബിജെപിയുടെയും ബിഎസ്പിയുടെയും നിരവധി പ്രാദേശിക നേതാക്കളും പ്രവർത്തകരും ഈ ലോക്സഭാ മണ്ഡലത്തിന്റെ വിവിധ ഭാഗങ്ങളിൽ പിന്തുണ നേടുന്നതിനായി വീടുവീടാന്തരം പ്രചാരണം നടത്തുന്നുണ്ട്. നാളെ വൈകിട്ട് പ്രചാരണം സമാപിക്കും.

**ന്യൂസ് ഡെസ്ക് ആകാശവാണി......**

&&&&&&&&&&&&&&&&&

**KANNAUJ CONSTITUENCY SCHEDULED STATE PROFILE**

ഉത്തർപ്രദേശിൽ ലോക്സഭാ തെരഞ്ഞെടുപ്പിൻ്റെ നാലാം ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്ന 13 സീറ്റുകളിലേക്കുള്ള നാമനിർദ്ദേശ പത്രികകളുടെ സമർപ്പണം പൂർത്തിയായി. ഈ സീറ്റുകളിലേക്കുള്ള വോട്ടെടുപ്പ് മെയ് 13 ന് നടക്കും. സമാജ്വാദി പാർട്ടിയുടെ കോട്ടയായി കണക്കാക്കപ്പെടുന്ന കനൗജും ഇതിൽ ഉൾപ്പെടുന്നു. മൂന്ന് തവണ ഈ മണ്ഡലത്തിൽ നിന്ന് എംപിയായ SP നേതാവ് അഖിലേഷ് യാദവ് വീണ്ടും മത്സരരംഗത്തുണ്ട്. അതേസമയം, നിലവിലെ എംപി സുബ്രതാ പഥക്കിനെ ബിജെപി വീണ്ടും സ്ഥാനാർത്ഥിയായി നിശ്ചയിച്ചു. ഇവരെ കൂടാതെ 12 സ്ഥാനാർത്ഥികൾ മത്സരിക്കുന്നു.

&&&&&&&&&&&&&&&&&

**MAYAWATI AGRA RALLY**

ഉത്തർപ്രദേശിലെ ആഗ്ര ലോക്സഭാ മണ്ഡലത്തിലെ സ്ഥാനാർത്ഥി പൂജ അംരോഹിയെ പിന്തുണച്ച് ബഹുജൻ സമാജ് പാർട്ടി അധ്യക്ഷ മായാവതി ഇന്ന് പൊതുയോഗം സംഘടിപ്പിച്ചു. പണപ്പെരുപ്പവും തൊഴിലില്ലായ്മയും മൂലം രാജ്യത്തെ ജനങ്ങൾ ബുദ്ധിമുട്ട് നേരിടുന്നുണ്ടെന്ന് അവർ ആരോപിച്ചു. എല്ലാവർക്കും തൊഴിൽ നൽകുന്നതിലൂടെ മാത്രമേ രാജ്യത്തെ ദാരിദ്ര്യം ഇല്ലാതാക്കാൻ കഴിയൂവെന്നും ബിഎസ്പി നേതാവ് പറഞ്ഞു. ആഗ്ര ലോക്സഭാ മണ്ഡലത്തിലെ വോട്ടെടുപ്പ് ചൊവ്വാഴ്ച നടക്കും. സിറ്റിംഗ് എംപി എസ് പി സിംഗ് ബാഗേൽ ആണ് ബി ജെ പി സ്ഥാനാർത്ഥി. സമാജ് വാദി പാർട്ടി സ്ഥാനാർത്ഥി സുരേഷ് ചന്ദ് കർദാമാണ്. ഇവരെ കൂടാതെ എട്ട് സ്ഥാനാർത്ഥികളും മത്സരരംഗത്തുണ്ട്.

&&&&&&&&&&&&&&&&&

**ELECTION – FIFTH PHASE**

അഞ്ചാംഘട്ട ലോക്സഭാ തെരഞ്ഞെടുപ്പിൻ്റെ നാമനിർദേശ പത്രികകളുടെ സൂക്ഷ്മപരിശോധന ഇന്ന് നടന്നു. പത്രികാ സമർപ്പണത്തിനുള്ള സമയ പരിധി ഇന്നലെ അവസാനിച്ചിരിന്നു. ഈ മാസം ആറു വരെ പത്രിക പിൻവലിക്കാം. ബിഹാർ, ഝാർഖണ്ഡ്, മഹാരാഷ്ട്ര, ഒഡീഷ, ഉത്തർ

പ്രദേശ്, പശ്ചിമ ബംഗാൾ, ജമ്മു കശ്മീർ, ലഡാക് എന്നിവിടങ്ങളിലെ 49 മണ്ഡലങ്ങളാണ് അഞ്ചാം ഘട്ടത്തിൽ വിധിയെഴുതുന്നത്. ഈമാസം 20 നാണ് അഞ്ചാംഘട്ട വോട്ടെടുപ്പ്.

&&&&&&&&&&&&&&&&&

## HEADLINE – 2

**ECI-INTERNATIONAL VISITOR**

രാജ്യത്തെ ലോക്സഭാ തിരഞ്ഞെടുപ്പ് പ്രക്രിയ നേരിട്ട് കണ്ട് മനസിലാക്കാൻ 23 രാജ്യങ്ങളിൽ നിന്നായ് 75 അന്താരാഷ്ട്ര സന്ദർശകർ എത്തി. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻറെ പ്രത്യേക ക്ഷണപ്രകാരമാണ് ഇവർ എത്തിയത്. സന്ദർശന വേളയിൽ 6 ദിവസത്തെ പ്രത്യേക പരിപാടിയിൽ വിദേശ പ്രതിനിധി സംഘം പങ്കെടുക്കും. ലോകത്തെ ഏറ്റവും വലിയ ജനാധിപത്യ രാജ്യത്ത് നടക്കുന്ന തിരഞ്ഞെടുപ്പ് പ്രക്രിയ മറ്റ് രാജ്യങ്ങൾക്ക് പരിചയപ്പെടുത്തുകയാണ് പരിപാടിയുടെ ലക്ഷ്യം. മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ രാജീവ് കുമാർ, തിരഞ്ഞെടുപ്പ് കമ്മീഷണർമാരായ ഗ്യാനേശ് കുമാർ, ഡോ. സുഖ്ബീർ സിങ് തുടങ്ങിയവർ വിദേശ പ്രതിനിധികളെ നാളെ അഭിസംബോധന ചെയ്യും. മഹാരാഷ്ട്ര, ഗോവ, ഗുജറാത്ത്, കർണാടക, മധ്യപ്രദേശ്, ഉത്തർപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിലെ മണ്ഡലങ്ങൾ സന്ദർശിക്കുന്ന സംഘം ഈ മാസം 9-ന് മടങ്ങും.

&&&&&&&&&&&&&&&&&

**LOVELY-BJP**

ഡൽഹി കോൺഗ്രസ് മുൻ അധ്യക്ഷൻ അരവിന്ദർ സിംഗ് ലൗലി ബിജെപിയിൽ ചേർന്നു. കേന്ദ്രമന്ത്രി ഹർദീപ് സിങ് പുരി, ബി.ജെ.പി ദേശീയ ജനറൽ സെക്രട്ടറി വിനോദ് താവ്ഡെ എന്നിവരുടെ സാന്നിധ്യത്തിൽ ഡൽഹി ബിജെപി ആസ്ഥാനത്തെത്തിയാണ് അരവിന്ദർ സിംഗ് അംഗത്വം സ്വീകരിച്ചത്. മുൻ ഡൽഹി മന്ത്രി രാജ്കുമാർ ചൗഹാൻ, മുൻ എഐസിസി സെക്രട്ടറി നസീബ് സിംഗ്, മുൻ എംഎൽഎ നീരജ് ബസോയ, എൻഎസ്യുഐ മുൻ അധ്യക്ഷൻ അമിത് മാലിക് എന്നിവരും ലൗലിക്കൊപ്പം ബിജെപിയിൽ ചേർന്നു.

&&&&&&&&&&&&&&&&&

## HEADLINE – 3

**NEET - EXAM**

മെഡിക്കൽ പ്രവേശനത്തിനുള്ള പരീക്ഷയായ നീറ്റ് നാളെ നടക്കും. ഉച്ചയ്ക്ക് 2 മുതൽ 5.20 വരെയാണ് പരീക്ഷ. ഇത്തവണ 24 ലക്ഷത്തിലേറെ വിദ്യാർത്ഥികൾ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇന്ത്യയിലെ 557 നഗരങ്ങളിലും 14 വിദേശ നഗരങ്ങളിലുമായിട്ടാണ് പരീക്ഷ നടക്കുക. ഫോട്ടോ, ഒപ്പ്, റോൾ നമ്പർ, ബാർകോഡ് എന്നിവ ഉൾപ്പെട്ട അഡ്മിറ്റ് കാർഡുകൾ നിർബന്ധമായും കരുതണമെന്ന് നാഷണൽ ടെസ്റ്റിംഗ് ഏജൻസി അറിയിച്ചു.

EXAMS.NTA.AC.IN/NEET എന്ന് വെബ്സൈറ്റിൽ നിന്നും അഡ്മിറ്റ് കാർഡ് ഡൗൺലോഡ് ചെയ്യാം. എം.ബി.ബി.എസ്, ബി.ഡി.എസ്, ആയുർവേദം അടക്കമുള്ള മെഡിക്കൽ ബിരുദ കോഴ്സുകൾ, വെറ്ററിനറി, അഗ്രികൾച്ചർ, അനുബന്ധ കോഴ്സുകൾ തുടങ്ങിയവയുടെ പ്രവേശനത്തിനും നീറ്റ് സ്കോർ പരിഗണിക്കും.

&&&&&&&&&&&&&&&&&

**SCHOOL - KERALA - CM**

സംസ്ഥാനത്തെ സ്കൂളുകൾ ജൂൺ മൂന്നിന് പ്രവേശനോത്സവത്തോടെ ഈ അദ്ധ്യയന വർഷം ആരംഭിക്കും. സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട മുന്നൊരുക്ക പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർദ്ദേശിച്ചു. ഇക്കാര്യം ചർച്ച ചെയ്യാൻ ചേർന്ന ഉന്നതതല യോഗത്തിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

അദ്ധ്യയന വർഷം ആരംഭിക്കുന്നതിനു മുൻപ് എല്ലാ സ്കൂൾ കെട്ടിടങ്ങൾക്കും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കണം. സ്കൂളും പരിസരവും വൃത്തിയാക്കണം. കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി, സുരക്ഷ, ശുദ്ധമായ കുടിവെള്ളം, മാലിന്യ സംസ്കരണം എന്നിവ ഉറപ്പാക്കണമെന്നും മുഖ്യമന്ത്രി നിർദ്ദേശിച്ചു.

&&&&&&&&&&&&&&&&&

**HEADLINE – 4**

**DRIVING TEST - KERALA**

കേരളത്തിൽ ഡ്രൈവിംഗ് ടെസ്റ്റ് പരിഷ്കാരണവുമായി ബന്ധപ്പെട്ട് ഗതാഗത വകുപ്പ് പുതുക്കിയ സർക്കുലർ

പുറത്തിറക്കി. നേരത്തെയുണ്ടായിരുന്ന മാർഗ നിർദേശങ്ങളിൽ ഇളവ് വരുത്തിയതാണ് പുതിയ സർക്കുലർ.
ഇതിൽ പ്രതി ദിന ടെസ്റ്റുകളുടെ എണ്ണം 30ൽ നിന്ന് 40 ആക്കി ഉയർത്തി.15 വർഷത്തിൽ കൂടുതൽ കാലപ്പഴക്കമുള്ള വാഹനങ്ങളിൽ ഡ്രൈവിങ് ടെസ്റ്റ് നടത്താൻ അനുവദിക്കില്ലെന്ന മുൻ ഉത്തരവിൽ നിബന്ധനയ്ക്ക് വിധേയമായി ഇളവ് വരുത്തി. പുതിയ രീതിയിൽ ഡ്രൈവിങ് ടെസ്റ്റ് നടത്തുന്നതിനുള്ള ഗ്രൗണ്ടും ട്രാക്കും സജ്ജമാകുന്നത് വരെ നിലവിലെ രീതിയിൽ തന്നെ ഡ്രൈവിങ് ടെസ്റ്റ് നടത്താമെന്നും പുതിയ സർക്കുലറിലുണ്ട്.

&&&&&&&&&&&&&&&&&

## HEADLINE – 5

## ROUGH SEA

കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി കേരള, തെക്കൻ തമിഴ്നാട് തീരങ്ങളിൽ ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം ഓറഞ്ച് ജാഗ്രത നൽകി. ഈ മേഖലകളിൽ നാളെ അർധരാത്രി വരെ അതി തീവ്ര തിരമാലകൾ കാരണം ശക്തിയേറിയ കടലാക്രമണത്തിന് സാധ്യതയുണ്ടെന്ന് മുന്നറിയിപ്പുണ്ട്. ഈ സാഹചര്യത്തിൽ മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണമെന്നും നിർദ്ദേശം നൽകി. മത്സ്യബന്ധനത്തിനും വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ട്.

&&&&&&&&&&&&&&&&&

## HEADLINE – 6

## ISL

ഐ.എസ്.എൽ ഫുട്ബോൾ കിരീട ജേതാക്കളെ ഇന്നറിയാം. മോഹൻ ബഗാൻ സൂപ്പർ ജയന്റും - മുംബൈ സിറ്റി എഫ് സിയും തമ്മിലുള്ള ഫൈനൽ മത്സരം ആരംഭിച്ചു. കൊൽക്കത്തയിലെ സാൾട്ട് ലേക്ക് സ്റ്റേഡിയത്തിലാണ് മത്സരം നടക്കുന്നത്.

&&&&&&&&&&&&&&&&&

&&&&&&&&&&&&&

&&&&&&&&&&&